**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4592** **19-07-2022 - ൽ മറുപടിയ്ക്ക്**

**ചാലിയാർ പുഴയുടെ തീര സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ രണ്ട് പ്രളയങ്ങൾക്ക് ശേഷം ചാലിയാർ പുഴയുടെ തീരങ്ങൾ ഇടിഞ്ഞ് തീരത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയങ്ങൾക്കുശേഷം ചാലിയാർ പുഴയുടെ തീരങ്ങൾ പല സ്ഥലങ്ങളിലും ഇടിഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചാലിയാർ പുഴയുടെയും കൈത്തോടുകളുടെയും തീരങ്ങൾ സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഓരോന്നിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; | (ബി) | മേജർ ഇറിഗേഷന്റെ കീഴിൽ മലപ്പുറം ജില്ലയിൽ ചാലിയാർ പുഴയുടെയും കൈത്തോടുകളുടെയും തീരങ്ങൾ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് ആകെ 34 അപേക്ഷകൾ ലഭിച്ചു. അതിൽ 21 അപേക്ഷകൾക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 5അപേക്ഷകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നു. 8 അപേക്ഷകൾക്ക് PRICE 1- ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>മൈനർ ഇറിഗേഷന്റെ കീഴിൽ ചാലിയാർ പുഴയിലെ പൂക്കോട്ടുമണ്ണ ഒടായിക്കൽ- കവണക്കല്ല് റഗുലേറ്ററുകളുടെ അനുബന്ധ മായിരുന്ന ചാലിയാർ പുഴയുടെ ഭാഗം മാത്രമാണ് മൈനർ ഇറിഗേഷൻ സംരക്ഷണ ചുമതലയുള്ളത്. കഴിഞ്ഞ പ്രളയങ്ങൾക്കു ശേഷം മേൽ റഗുലേറ്ററുകളോടനുബന്ധിച്ച് ചാലിയാറിൻ തീര സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികളും ചാലിയാറിന്റെ കൈതോടുകളുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികളും അവയിൽ സ്വീകരിച്ച നടപടികളും അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) | ചാലിയാർ പുഴയുടെ തീര സംരക്ഷണത്തിനായി എം.എൽ.എ. മുഖേന നല്കിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | മലപ്പുറം മേജർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ ചാലിയാർ പുഴയുടെ തീര സംരക്ഷണത്തിനായി ബഹു.എം.എൽ.എ. മുഖേന ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അനുബന്ധം-2 ആയി ചേർക്കുന്നു.<br><br>മൈനർ ഇറിഗേഷന്റെ കീഴിൽ ചാലിയാർ പുഴയുടെ തീര സംരക്ഷണത്തിനായി എം.എൽ.എ. മുഖാന്തിരം |

| | | | |
|---|---|---|---|
| | | | അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

| ക്രമ നമ്പർ | പദ്ധതിയുടെപേര് | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ ) | പഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|---|
| 1 | എഫ്ഡി - മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടീരി ഗ്രാമപഞ്ചായത്തിലെ വാർഡ് 12- ൽ മൈത്ര ചെറിരിഭാഗത്തു ചാലിയാർ പുഴയുടെ വലത്കര സംരക്ഷണം | 17 | ഊർങ്ങാട്ടീരി | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| 2 | MIRPA - മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടീരി പഞ്ചായത്തിലെ വാർഡ്- 2 ൽ വെറ്റിലപ്പാറഭാഗത്ത് ചെറുപുഴയുടെ ഇടത്കര സംരക്ഷണം | 15 | ഊർങ്ങാട്ടീരി | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| 3 | പ്രകൃതിദുരന്തം -(2019-2020)- മലപ്പുറം ജില്ലയിലെ കീഴുപറമ്പ് പഞ്ചായത്തിലെ RS No.98/5,98/7 -ൽചാലിയാർ പുഴയുടെ വലത്കര സംരക്ഷണം | 27.5 | കീഴുപറമ്പ് | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| 4 | പ്രകൃതിദുരന്തം -(2019-2020)- മലപ്പുറം ജില്ലയിലെ കീഴുപറമ്പ് പഞ്ചായത്തിലെ വാർഡ്- 1 ൽ മുറിഞ്ഞമാട്ഭാഗത്ത് RS No.23/13-4,24/2p,24/2-A -ൽ ചാലിയാർ പുഴയുടെ വലത്കര സംരക്ഷണം | 34.8 | കീഴുപറമ്പ് | എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| 5 | ആർ എം എഫ് - കീഴുപറമ്പ് പഞ്ചായത്തിലെ കുനിയിൽ വാർഡ് 10- ൽ കോലോത്തും തൊടി -കക്കുഴി കുന്നത്ത് ഭാഗത്ത് ചാലിയാർ പുഴയുടെ വലത്കര സംരക്ഷണം | 24 | കീഴുപറമ്പ് | എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| 6 | അരീക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് 8 ൽ പുത്തലം ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 93 | അരീക്കോട് | 93.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| 7 | ചാലിയാർ പുഴ ആളോട്ടിപ്പാറ തോട് ഇവയോട് ചേർന്ന ഭാഗത്ത് മണ്ണിടിച്ചിൽ തടയുന്നതിന് സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നത് സംബന്ധിച്ച്. | | അരീക്കോട് | പരാതി മൈനർ ഇറിഗേഷൻ മലപ്പുറം ഡിവിഷന് കൈമാറിയിട്ടുണ്ട്. |
| 8 | ചാലിയാർ പുഴക്ക് എരഞ്ഞിക്കോട് ഭാഗത്ത് വാർഡ് 6 ൽ സംരക്ഷണ ഭിത്തി കെട്ടണമെന്ന ആവശ്യം സംബന്ധിച്ച്. | | എടവണ്ണ | DPR തയ്യാറാക്കാൻ കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം-1

| ക്രമ നം | പരാതി | സ്വീകരിച്ച നടപടി |
|---|---|---|
| 1 | എടവണ്ണപാറ പറപ്പത്ത് മുഴിക്കൽ തോടിന്റെ സംരക്ഷണം | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.പ്രവൃത്തിയുടെ ആവശ്യകത, പൊതു ഉപയോഗം,ഫണ്ടിന്റെ ലഭ്യത, എന്നിവ കണക്കിലെടുത്ത് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| 2 | നിലമ്പൂർ ചാലിയാറിന്റെ കൈതോടായ ഇട്ടിലിതോടിന്റെ പാർശ്വ സംരക്ഷണം | 3.5 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 3 | നിലമ്പൂർ വീട്ടിക്കുത്ത് തോടിന്റെ പാർശ്വ സംരക്ഷണം | SDRF ൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | നിലമ്പൂർ നഗരസഭയിലെ ചുരംകുളം മുതൽ പട്ടരിക്ക വരെയുള്ള തോടിന്റെ സംരക്ഷണം | സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 5 | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ചീരത്തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം | സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | നിലമ്പൂർ നഗരസഭയിലെ തോണിപ്പൊയിൽ ഭാഗത്ത് തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 7 | അരീക്കോട് പഞ്ചായത്തിലെ കടുങ്ങല്ലൂർ തോടിന്റെ പാർശ്വഭിത്തി സംരക്ഷണം | സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 8 | ഊർങ്ങാട്ടിരി പഞ്ചായത്തിലെ വേഴക്കോട് മൈലാടി ആദിവാസി കോളനിയ്ക്ക് സമീപം തോട് ആഴം കൂട്ടുന്നത് സംബന്ധിച്ച്. | സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 9 | ഊർങ്ങാട്ടിരി പഞ്ചായത്തിലെ ഓടക്കയം തോടിന്റെ പാർശ്വഭിത്തി പ്രളയത്തെ തുടർന്ന് പുനർ നിർമ്മിക്കുന്ന പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | ഊർങ്ങാട്ടിരി പഞ്ചായത്തിലെ തോട്ടുമുക്കം ചെറുപുഴ തോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ | സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 11 | ഊർങ്ങാട്ടിരി വെറ്റിലപ്പാറ പന്നിത്തോട് പാർശ്വഭിത്തി നിർമ്മാണം | സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 12 | ഊർങ്ങാട്ടിരി പഞ്ചായത്തിലെ ഓട്ടത്താണിക്കൽ തോട് - ലക്ഷം വീട് കോളനി പാലോട് തോട് സംരക്ഷണം | പ്രവൃത്തി പൂർത്തീകരിച്ചു |
| 13 | ഊർങ്ങാട്ടിരി പഞ്ചായത്തിലെ വെറ്റിലപ്പാറ വില്ലേജ് പ്രളയ സമയത്ത് തോട് വഴി മാറി ഒഴുകി വീട് അപകടാവസ്ഥയിലായത് സംരക്ഷിക്കൽ | പ്രവൃത്തി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ